സംസ്ഥാനത്തിനുള്ള ജലം തടഞ്ഞ നടപടി

11 (*189) ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. പി. കെ. അബ്ദുറബ്ബ് :
ശ്രീ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിന് തമിഴ്നാട്ടിൽനിന്നും ലഭിച്ചുകൊണ്ടിരുന്ന ജലം തമിഴ്നാട് ഗവൺമെന്റ് തടഞ്ഞിട്ടുണ്ടോ ;

(ബി) ഇതുകൊണ്ട് സംസ്ഥാനത്തിന് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ ;

(സി) ഇവ പരിഹരിക്കുന്നതിനായി ജലം ലഭ്യമാക്കുന്നതിന് തമിഴ്നാട് ഗവൺമെന്റുമായി എന്തെങ്കിലും കരാർ ഉണ്ടാക്കിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ-സി) ഈ വർഷം 12-02-2001-ൽ കേരളത്തിന് പറമ്പിക്കുളം അലിയാർ പദ്ധതി കരാർ പ്രകാരം മണക്കടവിൽ ലഭിക്കാൻ ബാക്കിയുണ്ടായിരുന്നത് വെറും 197 എം.സി. ഫീറ്റ് ജലം മാത്രമായിരുന്നു. ഈ ജലം സാധാരണയായി മാർച്ച് മാസത്തിൽ ചിറ്റൂരിലെ കൊങ്ങൻപട ഉത്സവത്തോടനുബന്ധിച്ചാണ് തരാറുള്ളത്. 12-2-2001-ന് വൈകുന്നേരം മുതൽ തമിഴ്നാടിൽനിന്നുള്ള ജലവിതരണം നിറുത്തിയതുമൂലം ചിറ്റൂർപുഴ പ്രദേശത്തെ കൃഷിക്ക് ആവശ്യമായ ജലം ലഭിക്കാതെവന്നു. ആയതിനാൽ ഒരു ടി.എം.സി. ജലം കേരളത്തിന് അടിയന്തിരമായി ലഭ്യമാക്കണമെന്ന് സർക്കാർ ആവശ്യപ്പെട്ടതനുസരിച്ച് 19-02-2001-ന് രാത്രി 8 മണി മുതൽ തമിഴ്നാട് ജലവിതരണം പുനഃസ്ഥാപിച്ചിട്ടുണ്ട്. ഇതിന് പ്രത്യേക കരാറൊന്നും ഉണ്ടാക്കിയിട്ടില്ല.

ഇ.എസ്.ഐ. ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സാസൗകര്യം

12 (*190) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ :
ശ്രീ. സി. പി. ബാലൻ വൈദ്യർ :
ശ്രീ. പി. രാഘവൻ :
ശ്രീ. രാജു എബ്രഹാം :
ശ്രീമതി ജെ. മെഴ്സിക്കുട്ടി അമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഇ.എസ്.ഐ. ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സാസൗകര്യങ്ങൾ ഏർപ്പെടുത്തി അവയുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കാനുള്ള നടപടി ഇപ്പോൾ ഏത് ഘട്ടംവരെ ആയിയെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിലവിലുള്ള ഇ.എസ്.ഐ. ആശുപത്രികളിൽ കൂടുതൽ മെച്ചപ്പെട്ട ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്നു വെളിപ്പെടുത്താമോ ;

(സി) സംസ്ഥാനത്ത് കൂടുതൽ ഇ.എസ്.ഐ. ആശുപത്രികൾ സ്ഥാപിക്കേണ്ടതുണ്ടെന്ന് സർക്കാർ കരുതുന്നുണ്ടോ ; എങ്കിൽ ഏതൊക്കെ മേഖലകളിലാണ് കൂടുതൽ ആശുപത്രികൾ സ്ഥാപിക്കാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ ;

(ഡി) സംസ്ഥാനത്തെ എല്ലാ ഇ.എസ്.ഐ. ആശുപത്രികളിലും എക്സ്റേ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ഇ) തൊഴിലാളികൾക്ക് ലഭ്യമാക്കേണ്ട മെഡിക്കൽ റീഇംബേഴ്സ്മെന്റ് ഉൾപ്പെടെയുള്ള മറ്റു ഇ.എസ്.ഐ. ആനുകൂല്യങ്ങൾ ലഭിക്കുന്നതിൽ കാലതാമസം ഉണ്ടാകാറുള്ളത് ശ്രദ്ധയിൽപ്പെട്ടുവോ ;

(എഫ്) എങ്കിൽ പ്രസ്തുത ആനുകൂല്യങ്ങൾ അനുവദിക്കുന്നതിലെ കാലതാമസം ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ ;

(ജി) ഈ സർക്കാർ അധികാരമേറ്റശേഷം ഇ.എസ്.ഐ. ചികിത്സാ രംഗത്ത് കൈവരിക്കാനായ നേട്ടങ്ങൾ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ജലസേചനവും തൊഴിലും വകുപ്പുമന്ത്രി (ശ്രീ. വി. പി. രാമകൃഷ്ണപിള്ള) :

(എ) സംസ്ഥാനത്തെ എഴുകോൺ, ആശ്രാമം എന്നീ ഇ.എസ്.ഐ. ആശുപത്രികളിൽ സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങൾ ഏർപ്പെടുത്തുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ ഇ.എസ്.ഐ. കോർപ്പറേഷന്റെ പരിഗണനയിലാണ്. കൂടാതെ ചക്കോരകുളത്ത് ഒരു ഒക്കുപ്പേഷണൽ ഡിസീസസ് സെന്റർ തുടങ്ങാനും നിർദ്ദേശമുണ്ട്.

(ബി) ഇ.എസ്.ഐ. ആശുപത്രികളിലെ ഒഴിവുള്ള സ്പെഷ്യലിസ്റ്റ് തസ്തികകളിൽ മെഡിക്കൽ ഓഫീസർമാർ പി.ജി. പാസ്സായി വരുന്ന മുറക്ക് നിയമനം നടത്താനുള്ള നടപടികൾ എടുത്തുവരുന്നു. ഇ.എസ്.ഐ. ആശുപത്രികളിൽ ആധുനിക ഉപകരണങ്ങൾ വാങ്ങി സ്ഥാപിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ചക്കോരക്കുളത്ത് ഒരു 'ഒക്കുപ്പേഷണൽ ഡിസീസസ് സെന്റർ, തുടങ്ങാനുദ്ദേശിക്കുന്നു.

(ഡി) ഉണ്ട്. ഒളരിക്കര, വടവാതൂർ, മുളംകുന്നത്തുകാവ്, ആശ്രാമം എന്നീ ഇ.എസ്.ഐ. ആശുപത്രികളിലെ എക്സ്റേ സംവിധാനം പ്രവർത്തനക്ഷമമല്ല. ആയതിനാൽ നിലവിലുള്ളവ ഗർഹണം ചെയ്ത് പുതിയ എക്സ്റേ മെഷീൻ വാങ്ങുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഇ&എഫ്) ഉണ്ട്. മെഡിക്കൽ റീ-ഇംബേഴ്സ്മെന്റ്, അഡ്വാൻസ് തുടങ്ങിയ ഇ.എസ്.ഐ. ആനുകൂല്യങ്ങൾ നല്കുന്നതിലുള്ള കാലതാമസം ഒഴിവാക്കുവാനായി റിവോൾവിംഗ് ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് റിവോൾവിംഗ് ഫണ്ടിൽ നിന്നും ഈ ആനുകൂല്യങ്ങൾ നല്കി വരുന്നു.

(ജി) ഇ.എസ്.ഐ. ഡിസ്പെൻസറി അഞ്ചലിൽ പുതിയ കെട്ടിടത്തിന് തറക്കല്ലിട്ടു. പേരൂർക്കട ഇ.എസ്.ഐ. ആശുപത്രിയിൽ അൾട്രാ സൗണ്ട്സ് സ്കാനിംഗ് മെഷീൻ സ്ഥാപിച്ചു. പാരിപ്പള്ളി, ആശ്രാമം, ഒളരിക്കര, ഫെറോക്ക് എന്നീ ഇ.എസ്.ഐ. ആശുപത്രികളിൽ അൾട്രാ സൗണ്ട്സ് സ്കാനിംഗ് മെഷീൻ സ്ഥാപിക്കാനുള്ള സപ്ലൈ ഓർഡറുകൾ നല്കിക്കഴിഞ്ഞു. ഉദ്യോഗമണ്ഡലിൽ ഉള്ള ആശുപത്രിയിലെ എക്സ്റേ മെഷീൻ പുതുതായി സ്ഥാപിച്ചു. എറണാകുളത്തുള്ള ഇ.എസ്.ഐ. ആശുപത്രിയിൽ പഴയ എക്സ്റേ മെഷീൻ മാറ്റി പുതിയ ഒരെണ്ണം സ്ഥാപിക്കുന്നതിന് സർക്കാർ അനുമതി നല്കി. രണ്ടോ അതിൽ കൂടുതലോ മെഡിക്കൽ ഓഫീസർമാരുള്ള ഡിസ്പെൻസറികളുടെ പ്രവർത്തനസമയം 8 മണി മുതൽ 6 മണിവരെയാക്കി. ഇതുമൂലം ഇൻഷ്വർ ചെയ്ത തൊഴിലാളികൾക്ക് പകൽ മുഴുവൻ ചികിത്സാസൗകര്യം ലഭ്യമാകുന്നതാണ്. ഇ.എസ്.ഐ. ഗുണഭോക്താക്കൾക്ക് സൂപ്പർ സ്പെഷ്യാലിറ്റി ചികിത്സ ലഭിക്കുന്നതിനുവേണ്ടി എറണാകുളത്തുള്ള മാതാ അമൃതാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആന്റ് റിസർച്ച് സെന്ററിൽ 27-12-1999 മുതൽ സൗകര്യം ഏർപ്പെടുത്തി. സൂപ്പർ സ്പെഷ്യാലിറ്റി സൗകര്യങ്ങളുള്ള കൂടുതൽ പ്രൈവറ്റ് ആശുപത്രികളിൽ ഇ.എസ്.ഐ. ഗുണഭോക്താക്കളുടെ ചികിത്സയ്ക്കുവേണ്ടി എംപാനൽ ചെയ്യുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ തൃശ്ശൂർ ജില്ലയിലെ പരിയാരം റവന്യൂ വില്ലേജിലും കാസർഗോഡ് ജില്ലയിലെ പുത്തൂർ കോയിപ്പാടി, എടനാട് എന്നീ റവന്യൂ വില്ലേജുകളിലും ഇ.എസ്.ഐ. സ്കീം ബാധകമാക്കി.

ചെറുകിട ജലസേചന പദ്ധതികൾ

13 (*191) ശ്രീ. ടി. എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ :
ശ്രീമതി കെ. ആർ. ഗൗരിയമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻസർക്കാരിന്റെ കാലത്ത് ചെറുകിട ജലസേചന രംഗത്ത് എന്തെല്ലാം പദ്ധതികളാണ് ആരംഭിച്ചിരുന്നത് ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരംഭിച്ച പുതിയ പദ്ധതികൾ ഏതൊക്കെയാണ് ;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ എത്ര ഏക്കർ സ്ഥലത്ത് കൂടുതലായി ജലസേചന സൗകര്യം നല്കുവാൻ കഴിഞ്ഞിട്ടുണ്ട് ;

(ഡി) ചെറുകിടജലസേചന വകുപ്പിന്റെ സുഗമമായ പ്രവർത്തനത്തിനായി 14 ജില്ലകളിലും മുൻസർക്കാരിന്റെ കാലത്ത് ആരംഭിച്ച ചെറുകിടജലസേചന പദ്ധതികൾ ഇപ്പോഴും നിലനില്ക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly